# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2271

08/07/2015-ൽ മറുപടിക്ക്

## അന്യസംസ്ഥാന തൊഴിലാളികൾക്ക് മെഡിക്കൽ പരിശോധന

**ചോദ്യം**

ശ്രീ.പി.സി. ജോർജ്

**മറുപടി**

ശ്രീ. വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പുമന്ത്രി)

എ) അന്യസംസ്ഥാനത്ത് നിന്ന് കേരളത്തിലേക്ക് എത്തുന്ന തൊഴിലാളികൾ പലതരത്തിലുള്ള മാരകമായ രോഗങ്ങൾ പരത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിനെതിരെ സ്വീകരിക്കാൻ പോകുന്ന നടപടികളെന്തെന്ന് വ്യക്തമാക്കുമോ ;

എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഇതര സംസ്ഥാന തൊഴിലാളികളിൽ മന്ത്, മലമ്പനി, കുഷ്ഠം തുടങ്ങിയ രോഗങ്ങൾ തദ്ദേശീയരെ അപേക്ഷിച്ച് കൂടുതൽ ആയി കാണുന്നു. ഇവരെ കണ്ടെത്തി ചികിൽസിക്കുന്നതിനും രോഗ പകർച്ച തടയുന്നതിനും പ്രത്യേക ക്യാമ്പുകൾ സംഘടിപ്പിച്ചു വരുന്നു. കൂടാതെ ഇവരുടെ രക്തപരിശോധനയും നടത്തി വരുന്നു. രോഗികളായി കണ്ടെത്തുന്നവർക്ക് ചികിൽസ നൽകുന്നു. ഇവരുടെ താമസസ്ഥലങ്ങളിൽ അടിസ്ഥാന ശുചിത്വ സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനായി പരിശോധനകളും സംഘടിപ്പിക്കുന്നു. ക്യാമ്പിന്റെ തുടർച്ചയായ നടത്തിപ്പിന് വേണ്ടി ആരോഗ്യ വകുപ്പിന്റെ ഒരു സ്പെഷ്യൽ പ്രോഗ്രാമായ 'ജാഗ്രത' യുണ്ട്. ജില്ലാ തലങ്ങളിൽ ഡിസ്ട്രിക്ട് മൈഗ്രന്റ് ലേബർ ഹെൽത്ത് സെൽ ഉണ്ട്. ഇത് ജില്ലാ മെഡിക്കൽ ആഫീസറുടെ കീഴിൽ നടത്തി വ രുന്നു.

ബി) അന്യ സംസ്ഥാനത്ത് നിന്ന് എത്തുന്ന തൊഴിലാളികളെ മെഡിക്കൽ പരിശോധന നടത്തി പല വിധത്തിലുള്ള അസുഖങ്ങളുണ്ടോ എന്ന് അറിയുന്നതിന് എന്തെങ്കിലും സംവിധാനം നടപ്പാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിന്റെ ഗൗരവം മനസ്സിലാക്കി പ്രസ്തുത തൊഴിലാളികളെ മെഡിക്കൽ പരിശാധനയക്ക് വിധേയമാക്കാൻ നടപടി സ്വീകരിക്കുമോ?

ബി) അന്യ സംസ്ഥാനത്ത് നിന്ന് എത്തുന്ന തൊഴിലാളികളെ മെഡിക്കൽ പരിശോധന നടത്തി പല വിധത്തിലുള്ള അസുഖങ്ങളുണ്ടോ എന്ന് അറിയുന്നതിന് താമസസ്ഥലങ്ങളും ജോലി സ്ഥലങ്ങളും പരിശോധിക്കുകയും ജീവനക്കാരെ സ്ക്രീനിംഗിനു വിധേയമാക്കുകയും രോഗം സ്ഥിരീകരിക്കുന്നവർക്ക് ചികിൽസ ഉറപ്പാക്കുകയും ചെയ്യുന്നു. എല്ലാ ജില്ലകളിലും ഡിസ്ട്രിക്ട് വെക്ടർ കൺട്രോൾ യൂണിറ്റും, ഡിസ്ട്രിക്ട് മലേറിയ ആഫീസറുടെ നേതൃത്വത്തിൽ പി.എച്ച്.സി. സി.എച്ച്.സി കളിലെ ആരോഗ്യ പ്രവർത്തകരും ഈ പരിശോധനകൾ നടത്തി വരുന്നു. ജൂൺ 28, ജൂലൈ 5, 12 എന്നീ തീയതികളിൽ എല്ലാ അന്യദേശതൊഴിലാളി ക്യാമ്പുകളും സന്ദർശിച്ച് അവരുടെ രക്ത പരിശോധന ഉൾപ്പെടെയുള്ള പരിശോധനകൾ നടത്താൻ 14 ജില്ലാ മെഡിക്കൽ ആഫീസർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. അതുവഴി അവരുടെ ആരോഗ്യ പ്രശ്നങ്ങൾ മനസ്സിലാക്കാൻ കഴിയും.

സെക്ഷൻ ഓഫീസർ